11647/2016

**B**

# രണ്ടാം പാദവാർഷിക മൂല്യനിർണയം - 2016-17

# മലയാളം - II

## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ്: X

സമയം: 1½ മണിക്കൂർ
സ്കോർ: 40

---

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. വലയത്തിൽ നിന്ന് യോജിച്ചവ തിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.
(പ്രണയം, കുറ്റിപ്പുഴകൃഷ്ണപിള്ള, ഇ. സന്തോഷ്കുമാർ, വൈലോപ്പിള്ളി, കാരൂർ നീലകണ്ഠപ്പിള്ള, ഓണമുറ്റത്ത്, ജീവചരിത്രവും ഗുരുസ്മൃതികളും, കോഴിയും കിഴവിയും) (4)

| പ്രമേയം | രചന | രചയിതാവ് |
|---|---|---|
| മലനാട്ടു ജീവിതത്തിന്റെ മധുരോദാരവും പാവനവുമായ സങ്കല്പങ്ങൾ | .................... | .................... |
| സ്നേഹശൂന്യമായ അയൽബന്ധങ്ങളുടെ പ്രശ്നങ്ങൾ | .................... | .................... |
| മാനവസമത്വം, അദ്വൈതചിന്ത, മതങ്ങൾ ഒരുമിക്കുന്ന മഹാസമുദ്രത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് | .................... | .................... |
| ജീവിതദുരന്തങ്ങളിൽ നീറുംമനസ്സുകൾക്ക് കല സാന്ത്വനമാകുന്നു. | .................... | .................... |

2. "ഏതുമുറങ്ങാതെന്പാടും വയ-
ലേലകൾതോറും നടുവിൽപൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നുലസിപ്പൂ നെയ്യാമ്പലുകൾ." (ഓണമുറ്റത്ത്)

നെയ്യാമ്പലുകളുടെ കാത്തിരിപ്പ് അവതരിപ്പിച്ചതിന്റെ ഭംഗി കണ്ടെത്തി എഴുതുക. (2)

3. "ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു." (കോഴിയും കിഴവിയും)

- മത്തായിയുടെ ചിന്തകളെ ഇത്തരത്തിൽ അവതരിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കുക. (2)

4. "അതില് കുട്ട്യോള് പാടേം ചിരിക്ക്യേമൊക്കെ ചെയ്യ്ണ്ടല്ലോ.
വീട്ടില് ആർക്കും അദിന് പറ്റ്ണ്ല്ല്യാ" (പ്രണയം)
സംഭാഷണം നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തി എഴുതുക. (2)

5. "അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു." രണ്ടു കഥാപാത്രങ്ങളുടെയും ജീവിതാവസ്ഥ ഈ വാക്യം പ്രതിഫലിപ്പിക്കുന്നുണ്ടോ? വ്യക്തമാക്കുക. (4)

6. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ" (പ്രണയം)
ചാക്കുണ്ണിയുടെ മാനസികാവസ്ഥ ഈ സംഭാഷണത്തിൽ പ്രകടമാകുന്നത് എങ്ങനെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (4)



www.shenischool.in

7. 'ഗുരുദേവസന്ദേശങ്ങളെല്ലാം 'ഏകലോക' സങ്കല്പത്തിലേക്കുള്ള വഴികളായിരുന്നു' ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക. **(4)**

**(8 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് മാത്രം ഉത്തരമെഴുതുക.)**

8. "തുണിസഞ്ചി തുറന്ന് ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കി. അയാളുടെ കണ്ണുകൾ വിടർന്നിരുന്നു. പിറകിലെ ഭാഗത്തെ കുട്ടിയുടെ ചിത്രത്തിലേക്ക് അയാൾ ഉറ്റുനോക്കി."

- 'പണയം' എന്ന കഥയിലെ ജീവസ്സുറ്റ ഒരു കഥാപാത്രമാണ് റേഡിയോ. ഉചിതമായ കൂടുതൽ കഥാസന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന വിലയിരുത്തുക. **(6)**

9. • "കേരളം ഒരു ഭ്രാന്താലയം" - സ്വാമിവിവേകാനന്ദൻ

• "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ"

- കുമാരനാശാൻ

"ശ്രീനാരായണഗുരു കേരളത്തിലെ ജാതിഭ്രാന്ത് നിശ്ശേഷം നീക്കം ചെയ്തു." **(6)**

- കുറ്റിപ്പുഴകൃഷ്ണപിള്ള

- നൽകിയ സൂചനകൾ വിശകലനം ചെയ്ത് 'ശ്രീനാരായണഗുരു കേരള നവോത്ഥാന നായകൻ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം തയാറാക്കുക.

10. 'കോഴിയും കിഴവിയും' എന്ന കഥയിലെ നന്മയുടെ പ്രതീകമാണ് മത്തായിയുടെ അമ്മ.' ഈ പ്രസ്താവനയുമായി ബന്ധിപ്പിച്ച് കഥാപാത്രനിരൂപണം തയാറാക്കുക. **(6)**

11 "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ"

വൈലോപ്പിള്ളി - ഓണമുറ്റത്ത്

പറന്നുപോയ് പഞ്ചവർണ
ക്കിളിക്കൂട്ടങ്ങൾ പോലവേ
കുന്നിൻ, ചെരുവിലോണപ്പൂ-
ക്കുമ്പിളേന്തിയ സന്ധ്യകൾ"

- *പി. കുഞ്ഞിരാമൻനായർ - സൗന്ദര്യപൂജ*

രണ്ട് കാവ്യഭാഗങ്ങളിലെയും പ്രകൃതിവർണ്ണന താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**(6)**

www.shenischool.in